പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 5658

29-07-2015 – ൽ മറുപടിയ്ക്ക്

**കാസർഗോഡ് തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| എ) | കാസർഗോഡ്, കോട്ടിക്കുളം-ബേക്കൽ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത നിർമ്മാണത്തിനായി 2015-16 വർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | ബി) | പ്രസ്തുത നിർമ്മാണത്തിനായി 2015-16 വർഷത്തിൽ തുക വകയിരുത്തിയിട്ടില്ല. പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ 4405-00-104-83-ഇൻവെസ്റ്റിഗേഷൻ ഓഫ് ന്യൂ ഫിഷറി ഹാർബേഴ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ് നടത്തിവരുന്നത്. ടി ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| സി) | പ്രസ്തുത തുറമുഖം സ്ഥാപിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | സി) | പ്രസ്തുത തുറമുഖം നിർമ്മിക്കുന്നതിന് നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് സാദ്ധ്യത പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ചത്. ടി മത്സ്യബന്ധന തുറമുഖ ത്തിന്റെ സാദ്ധ്യത ഉറപ്പു വരുത്തുന്നതിന് ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി സ്റ്റഡി ആവശ്യമായിട്ടുണ്ട്. ആയതിനായി മാതൃകാ പഠനം ഇ.ഐ.എ പഠനം, തുടങ്ങിയവ ആവശ്യമാണ്. അന്വേഷണ ഗവേഷണങ്ങൾക്കുള്ള 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പഠനം ഉടനെ ആരംഭിക്കുന്നതാണ്. |

Jayasree

സെക്ഷൻ ഓഫീസർ